# നബിദിനാഘോഷത്തിന്റെ പോരിശകൾ..?!

നബി(ﷺ)യോട് സ്നേഹം പ്രകടിപ്പിക്കേണ്ടത് അവിടുത്തെ സുന്നത്തുകൾ (ചര്യകൾ) പിൻപറ്റിക്കൊണ്ടായിരിക്കണമെന്ന് നാം മനസ്സിലാക്കി. എന്നാൽ, ഇന്ന് പ്രവാചക സ്നേഹം എന്നതുകൊണ്ട് നമ്മുടെ സമൂഹത്തിലെ ഒട്ടുമിക്ക ആളുകളും മനസ്സിലാക്കിയിട്ടുള്ളത് നബി(ﷺ)യുടെ ജന്മമാസമായ റബീഉൽഅവ്വലിൽ അവിടുത്തെ ജന്മദിനമാഘോഷിക്കുക എന്നതാണ്. അന്ന് പ്രത്യേകം മൗലീദ് പാരായണം നടത്തലും അന്നദാനം നടത്തലും ഘോഷയാത്രകളും കലാപരിപാടികളും സംഘടിപ്പിക്കലുമെല്ലാമാണ് റബീഉൽ അവ്വലിലെ പ്രവാചക സ്നേഹം കൊണ്ട് അവർ അർത്ഥമാക്കുന്നത്. അതുകൊണ്ടുതന്നെ റബീഉൽഅവ്വൽ വന്നാൽ നാടാകെ ഒരു ആഘോഷത്തിന്റെ പ്രതീതിയാണ്. കടകമ്പോളങ്ങളും മത സ്ഥാപനങ്ങളുമെല്ലാം തോരണങ്ങൾക്കൊണ്ടലങ്കരിച്ചും മൗലീദിന്റെയും സ്വലാത്തിന്റെയും ഈരടികൾ മുഴക്കിക്കൊണ്ടും ഒരു പ്രത്യേക ലഹരിയിലായിരിക്കും ആബാലവൃദ്ധം ജനങ്ങളും. അതിന്റെ അനുകൂലികൾ തന്നെ അക്കാര്യം വിശദീകരിക്കുന്നത് ആദ്യം കാണുക:

**(എന്താണ് മൗലൂദ്?. പേജ്:33, ഒറ്റമാളിയക്കൽ മുത്തുക്കോയ തങ്ങൾ)**




## റബീഉൽ അവ്വൽ വന്നാൽ

ദിനരാത്രങ്ങൾ കടന്നുപോകും. മാനത്ത് റബീഉൽ അവ്വലിന്റെ പൊന്നമ്പിളി പ്രത്യക്ഷപ്പെട്ടുതുടങ്ങും. ലോകമാകെ പ്രവാചകന്റെ അപദാനങ്ങൾ പുകഴ്ത്താനും മദ്ഹുകൾ പാടിപ്പറയാനും തുടങ്ങും. കൂട്ടത്തിൽ നമ്മളും. നമ്മുടെ പള്ളി ദർസുകളിൽ രാത്രി ദർസിൽ റബീഉൽ അവ്വൽ മുപ്പത് ദിവസവും പ്രവാചകന്റെ അപദാനങ്ങളുൾക്കൊള്ളുന്ന മൗലീദ് പാരായണം ചെയ്യും. ചുറ്റുവട്ടത്തുള്ളവരെല്ലാം പള്ളിയിലൊരുമിച്ചുകൂടി ദുആ ചെയ്യും. മധുരപലഹാരങ്ങൾ വിതരണം ചെയ്യും. അങ്ങനെ ഓരോരുത്തരും പ്രവാചക പുംഗവനോടുള്ള മുഹബ്ബത്ത് നിറഞ്ഞ മനസ്സുമായി പിരിഞ്ഞുപോകും. എന്തൊരാഹ്ലാദപ്രദമായ സന്ദർഭമാണത്.

നമ്മുടെ വീട്ടിൽ ആറ്റുനോറ്റ് ഒരു കുഞ്ഞ് പിറക്കുന്നു. ആ കുഞ്ഞിന്റെ ജന്മദിനം വന്നാൽ കുട്ടുകുംബങ്ങളെ

**(പ്രവാചക പ്രകീർത്തനം. പേജ്:5, പി.ടി. മുഹമ്മദലി മുസ്‌ല്യാർ ബേപ്പൂർ)**




നബി(സ) തങ്ങളുടെ ജന്മം കൊണ്ടനുഗ്രഹീതമായ ഈ മാസം വരുമ്പോൾ ലോക മുസ്ലീം ഹൃദയങ്ങളിൽ സന്തോഷം അലതല്ലുകയായി.നാടും നഗരവും തങ്ങൾ സ്വശരീരങ്ങളേക്കാളും സന്താനങ്ങളെക്കാളും മാതാപിതാക്കളേക്കാളും മറ്റ് സർവ്വ വസ്തുക്കളേക്കാളും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന റസൂൽ(സ)യുടെ തിരുപിറവി സമുചിതം ആഘോഷിക്കുന്ന തിരക്കിലാണ്. ഖുർആനും ഹദീസുകളും ഇസ്ലാമിന്റെ പ്രാമാണിക പണ്ഡിതന്മാരും ഇത് വളരെ പുണ്യമേറിയതാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു.

**(തിരുപ്പിറവിടുടെ ആഹ്ളാദാഘോഷം. പേജ്: 90, എ.പി. അബൂബക്കർ മുസ്‌ല്യാർ കാന്തപുരം)**




തിരുപ്പിറവിയുടെ
ആഹ്ളാദാഘോഷം

## പ്രവാചക പ്രേമം

നബിദിനത്തിൽ സന്തോഷിക്കലും ആഹ്ലാദം പ്രകടിപ്പിക്കലും മൗലിദുസദസ്സുകളൊരുക്കി സദ്യവിളമ്പലും ദരിദ്രരെ ആദരിക്കലും നബി (സ)യോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. നബി (സ)യെ സ്നേഹിക്കൽ പ്രമാണങ്ങളിൽ

**(നേരിന്റെ നായകൻ. എസ്.വൈ.എസ്. മീലാദ് കാമ്പയിൻ -05. പേജ്: 3)**




നമ്മുടെ വീടിനുള്ളിൽ റബീഉൽ അവ്വൽ കടന്നുവന്നാൽ നാം പ്രത്യേകം സ്വീകരിക്കേണ്ടിയിരിക്കുന്ന രീതികളുണ്ട്. ഒന്ന് കുടുംബാഗങ്ങൾ ഒത്തു ചേർന്നു റബീഉൽ അവ്വൽ ഒന്നു മുതൽ ഇശാമഗ്‌രിബിനിടയിൽ അൽപസമം മൗലീദ് പാരായണം നടത്തുക. ചെറിയൊരു മധുര പലഹാരവും നൽകുക. എല്ലാവരും ഒന്നിച്ചിരുന്നു മൗലീദ് പാരായണം നടത്തി പ്രാർത്ഥിക്കുക. മക്കൾക്ക് നബി(സ)യെകുറിച്ചു അറിയാനും, ആദരവുതോന്നുവാനും ഇതു കാരണമാകും. വീട്ടിൽ ബറക്കത്തും ഐശ്വര്യവും കൂടാൻ ഇതുമതി. ബലാൽ-മുസ്വീബത്തുകൾ ഇതിലൂടെ തട്ടിമാറ്റപ്പെടും.

റബീഉൽ അവ്വൽ കടന്നുവന്നാൽ സമൂലമായ ഒരു ജീവിത രീതി നാം സ്വീകരിക്കണം. വീട്ടിൽ സദാ പ്രവർത്തിക്കുന്ന ടി.വി.ക്കു നിയന്ത്രണം വെക്കണം വലിയ ശബ്ദത്തിൽ ഉയരുന്ന ഓഡിയോ സംഗീതം നിയന്ത്രിക്കണം, മദ്റസകളിൽ പഠിപ്പിക്കപ്പെടുന്ന പ്രഭാഷണം, ഗാനം എന്നിവ നന്നായി പരിശീലിപ്പിക്കണം. വീട്ടിൽ സന്തോഷകരമായ രാവുകളും പകലുകളും ജനിക്കണം. കുഞ്ഞുനാളിൽ തന്നെ തന്റെ മക്കൾക്ക് പ്രവാചക(സ) സ്നേഹം വീട്ടിൽനിന്നു ലഭിക്കുന്നതിനു ഇതു കാരണമാകും. അയൽവാസികൾക്ക് സ്നേഹത്തിന്റെ സഹായഹസ്തങ്ങളും നീട്ടണം . നമ്മുടെ ഭവനങ്ങൾ തിന്മകൾ അടിഞ്ഞുകൂടി പിശാചിന്റെ കുടിപ്പാർപ്പു കേന്ദ്രങ്ങളായിത്തീരുന്നു. അവ അനുഗ്രഹത്തിന്റെ കേന്ദ്രങ്ങളായി മാറ്റിയെടുക്കാൻ സ്ത്രീകൾക്കുകഴിയണം.

അപ്പോൾ, പ്രവാചകസ്നേഹം എന്നതുകൊണ്ട് അതിന്റെ അനുകൂലികൾ മനസ്സിലാക്കിയിട്ടുള്ളത് നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കലാണെന്ന് വ്യക്തമാണല്ലോ. ഇനി ഈ ആഘോഷത്തിന് ഇവർ കൽപിക്കുന്ന 'പ്രാമാണികത'യും 'ആധികാരികത'

യും നോക്കൂ:

**(മൗലിദ് സദസ്സുകൾ ചരിത്രവും പശ്ചാത്തലവും പേജ്: 25. സയ്യിദ് അലവി മാലികി)**




12) ദിക്ർ, സ്വദഖ, പ്രകീർത്തനം, നബിയെ ആദരിക്കൽ ഇതെല്ലാം അടങ്ങിയതാണ് മൗലീദ്. ഇത് മുഴുവനും ശറഇൽ കൽപിക്കപ്പെട്ടതും സ്വഹീഹായ ഹദീസുകളുടെ പിൻബല മുള്ളതുമാണ്. അത് കൊണ്ട് തന്നെ മൗലിദ് സുന്നത്തായ അമ ലാണ്.

25

**(റബീഅ് നബിദിന ബുള്ളറ്റിൻ. പേജ്: 3. ഹംസ സഅദി. ഖതീബ് ആറാട്ടുകടവ്)**




(സ)യുടെ ജന്മം കൊണ്ടനുഗ്രഹീതമായ മാസം. ആഗോളമുസ്ലീങ്ങൾക്ക് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും സുദിനം. വിശ്വാസികളുടെ മനസ്സിൽ ഒരിക്കലും മായാത്ത, മറയാത്ത തിരുപ്പിറവിയുടെ ദിനം.

പ്രസ്തുത ദിനം റബീഉൽ അവ്വൽ 12–ന് ആണെങ്കിലും മാസാദ്യ ന്ത്യംവരെ അതിന് പ്രത്യേകതയുണ്ട്. ലൈലത്തുൽഖദ്റ് റമസാനിലെ ഒറ്റ രാത്രിയാണെങ്കിലും ആദ്യാവസാനം വരെ അതിന് പവിത്രതയും പുണ്യവു മുള്ളത് പോലെ.

നബി(സ) ജന്മദിനം ആഘോഷിക്കൽ മുൻഗാമികളായ മഹത്തുക്കളുടെ കാലം തൊട്ടേ നടന്ന് വരികയാണ് മാത്രമല്ല ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടതുമാണ്. ഖുർആൻ

**(റബീഇന്റെ നാദം. തഹ്ദീബുൽ ബയാൻ സാഹിത്യ സമാജം. കണ്ണമംഗലം)**




ലോകാനുഗ്രഹിയായ പ്രവാചകന്റെ ജൻമദിനം! ഇതല്ലാഹുവിന്റെ അനുഗ്രഹം വർഷിച്ച ദിനമാണ്. അവ പ്രത്യേകം സ്മരിക്കാൻ , റബീഉൽ അവ്വൽ പന്ത്രണ്ടിനുതന്നെ പ്രവാചക പ്രകീർത്തനങ്ങൾ നടത്താൻ, മദ്ഹ് ഗാനങ്ങൾ ചൊല്ലാൻ, ഇനിയെവിടുന്ന് തെളിവന്വേഷിക്കണം!

നോക്കൂ, നബിദിനാഘോഷം ശറഅ് കൽപിച്ചതാണെന്നും അതിന് സ്വഹീഹായ ഹദീസുകളുടെ പിൻബലമുണ്ടെന്നുമാണ് ഇവിടെ അവകാശപ്പെടുന്നത്.!

മാത്രമല്ല, നബിദിനാഘോഷത്തെ മഹത്വവൽക്കരിച്ച് അവസാനം ഇവർ എവിടെയാണ് എത്തിച്ചേർന്നത് എന്ന് നോക്കൂ:

**(ദ്വീപ് നാദം ദ്വൈവാരിക. 2004 ജൂൺ 1 – 15 പേജ്: 2)**



ദ്വീപ് നാദം

## അല്ലാഹു ആഘോഷിച്ച സുദിനം??!!

എ.പി.എസ്.എ. സഖാഫി

ജനത ആയിരത്തിൽ പരം വർഷം കെടാതെ കത്തിച്ച് ആരാധിച്ച് സൂക്ഷിച്ചു കൊണ്ടിരുന്ന തീ കുണ്ഡാരം നബി (സ) ജനിച്ച വേളയിൽ അല്ലാഹു അണച്ചു കളഞ്ഞത് നബിയോടുള്ള ബഹുമാനവും നബി ദിനത്തോടുള്ള ആഘോഷ മനസ്തിതിയും കൊണ്ടായിരുന്നുവെങ്കിൽ! അല്ലാഹുവിന് ഈ കാര്യങ്ങൾ ചെയ്യാൻ വേറെ ഒരു ദിവസം തെരെഞ്ഞെടുത്ത്കൂടായിരുന്നോ?

അങ്ങിനെ അല്ലാഹു തന്നെ ആഘോഷിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്ത സുദിനം നാം വിസ്മരിച്ചുകളയാൻ എന്ത് ന്യായമാണുള്ളത് അപ്പോൾ പിന്നെ മറ്റൊരു സംശയം വിവരക്കേടിൽ നിന്നും ഉണ്ടായേക്കാം അതായത് അല്ലാഹു മൗലൂദ് ഓതുന്നുണ്ടോ? എന്ന് മൗലൂദ് എന്നു പറഞ്ഞാൽ ജനനസമയത്തും മറ്റുമുള്ള ഗുണഗണങ്ങൾ പദ്യ ഗദ്യ രൂപത്തിൽ കീർത്തനങ്ങൾ നടത്തപെടുക എന്ന് മാത്രമേ അതിനർത്ഥമുള്ളു. അങ്ങിനെ അല്ലാഹു മാലാഖമാർക്കിടയിൽ നബിയുടെ കീർത്തനം (മൗലൂദ്) ഓതുന്നുവെന്ന്.

അഹ്സാബ് സുറയുടെ 56-ാം സൂകതത്തിലും അതിന്റെ വ്യഖ്യാനത്തിൽ എല്ലാതഫ്സീർ ഗ്രന്ഥങ്ങളിലും കാണാം. സഹിഹുൽ സുഖാരി 2/707 - ൽ അബുൽ ആലിയത്തിന്റെ റിപ്പോട്ടിൽ അഹ്സാബ് 56-ാം സുക്തത്തിന്റെ വിശദീകരണത്തിൽ ഇങ്ങനെ കാണാം ..

മാത്രവുമല്ല, നബിദിനാഘോഷം എന്നത് ഇസ്‌ലാമിലെ മറ്റു പല സുപ്രധാന ഇബാദത്തുകളേക്കാളും ശ്രേഷ്ഠമായതാണെന്നും അതിന്റെ അനുകൂലികൾ വിശ്വസിക്കുന്നു!. എത്രത്തോളമെന്നാൽ, ഇസ്‌ലാമിലെ രണ്ട് സുപ്രധാന ആഘോഷങ്ങളായ ഈദുൽ ഫിത്വറിനെക്കാളും ഈദുൽ അള്ഹയെക്കാളും ശ്രേഷ്ഠമത്രെ അത്?! അവരെഴുതി:

**(രിസാല മാസിക. 1987. നവംബർ. പേജ്: 9)**



നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്. പെരുന്നാളിനെക്കാൾ വലിയ ആഘോഷം. സർവ്വലോകത്തിന്റെ വിമോചകനായ നബി പിറന്ന നാളിൽ വിശ്വാസികൾ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ അവർക്ക് മറ്റേത് ആഘോഷമാണുള്ളത്. ★

കഴിഞ്ഞില്ല, അതിന്റെ പോരിശ കാടുകയറി എവിടംവരെ എത്തി എന്ന് ചോദിച്ചാൽ, ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദ്റിനേക്കാൾ മഹത്വവും പ്രത്യേകതകളുമുള്ളതാണെന്നുവരെ വാദിക്കുന്നേടത്തോളമായി!! അവരുടെ ചില വരികൾ നോക്കൂ:

**(ദ്വീപ് നാദം ദ്വൈവാരിക. 2004 ജൂൺ 1 – 15 പേജ്: 2)**




## നബി(സ)യുടെ ജനനവും ശ്രേഷ്ഠമാസങ്ങളും

**-ശമീർ അടിമാലി**

*? ഒരു വർഷത്തിൽ ഏറ്റവും ശ്രേഷ്ഠമായ മാസം റമളാൻ ആണല്ലോ. ഇതിനെ കൂടാതെ യുദ്ധം ഹറാമാക്കിയ ശ്രേഷ്ഠമായ മാസം നാലെണ്ണമുണ്ടല്ലോ. ഈ ശ്രേഷ്ഠമായ മാസമൊന്നും കൂടാതെ എന്തുകൊണ്ടാണ് റബീഉൽ അവ്വലിൽ നബി(സ) ജനിക്കുവാൻ കാരണം?*

= കഴിഞ്ഞു പോയ രാത്രികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമേറിയത് നബി(സ) ജനിച്ച രാത്രിയാകുന്നു. ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമേറിയതാണെന്ന് ഖുർആൻ പ്രസ്താവിച്ച ലൈലത്തുൽ ഖദ്റിനേക്കാൾ മഹത്വം ഉള്ളത് നബി(സ) ജനിച്ച രാത്രിക്കാണ് (ശർവാനി: 3/462). നബി(സ) ജനിച്ചത് ഏറ്റവും ശ്രേഷ്ഠമായ രാത്രിയിലായതുകൊണ്ട് ഈ ചോദ്യം അപ്രസക്തമാണ്.

**(നബിദിനം പ്രവാചക സവിശേഷത. പേജ്:13, എൻ. അലി മുസ്ല്യാർ കുമരംപുത്തൂർ)**




### ശ്രേഷ്ഠമായ രാവ്

അല്ലാഹു രാവും പകലും സൃഷ്ടിച്ചതുമുതൽ എത്രയോ ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. അതിൽ ഏറ്റവും മഹത്തായ രാവ് ഏതായിരിക്കും? കാലത്തിന് സ്വയം മഹത്വമില്ലെന്നും അതിൽ നടക്കുന്ന സംഭവവികാസങ്ങളാണ് രാപ്പകലുകളുടെ ശ്രേഷ്ഠതക്ക് മാനദണ്ഡമെന്നുമുള്ള വീക്ഷണപ്രകാരം നബി(സ) ജനിച്ച രാവാകുന്നു ഏറ്റവും അനുഗ്രഹീതമായ രാവ്. ലൈലത്തുൽഖദറിനേക്കാൾ അതിന് ശ്രേഷ്ഠത ഉണ്ടെന്നാണ് ഇമാമുകൾ അഭിപ്രായപ്പെടുന്നത്. കാരണം പ്രപഞ്ചത്തിന് അല്ലാഹുനൽകിയ ഏറ്റവും വലിയ കാരുണ്യവും അനുഗ്രഹവുമാണ് നബി(സ)യുടെ ഉദയം. നബി(സ)യുടെ ഉമ്മത്തിന് കുറഞ്ഞ ആയുഷ്കാലത്തിൽ കൂടുതൽ പ്രതിഫലം നേടാനുള്ളസുവർണ്ണാവസരങ്ങളായി ലൈലത്തുൽ ഖദർപോലുള്ള രാവുകൾ അല്ലാഹു നിശ്ചയിച്ചത് നബി(സ)യെ ബഹുമാനിക്കാനാണ്.

നഊദുബില്ലാഹ്! എത്രവലിയ അക്രമമാണിത്! ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠതയുള്ളതായി ഖുർആൻ പരിചയപ്പെടുത്തിയ ലൈലത്തുൽഖദ്റിനേക്കാൾ ശ്രേഷ്ഠമാണ് നബിദിനമെന്നോ?

മാത്രമല്ല, നബി(ﷺ) റമദാനിലെ അവസാനത്തെ പത്തിൽ ഒറ്റയായ രാത്രികളിൽ ലൈലതുൽഖദ്റിനെ പ്രതീക്ഷിച്ചുകൊണ്ട് ഉറക്കമൊഴിച്ച് ഇബാദത്തുകളിൽ മുഴുകൽ പതിവായിരുന്നു. പള്ളിയിൽ ഇഅ്തികാഫിരുന്നിരുന്നു. എന്നാൽ റബീഉൽ അവ്വൽ 12 ന് നബി(ﷺ) നോമ്പനുഷ്ഠിക്കുകയോ ദാനധർമം ചെയ്യുകയോ കൂടുതൽ നമസ്കരിക്കുകയോ അങ്ങനെ എന്തെങ്കിലും പ്രത്യേകതകൾ കൽപിച്ച് ഒന്നും ചെയ്തിട്ടില്ല. ഒരു കാലത്തും അങ്ങനെയുണ്ടായിട്ടില്ല. എന്നിട്ടും നബിദിന ദിവസം ലൈലതുൽ ഖദ്റിനേക്കാൾ ശ്രേഷ്ഠമാണെന്ന് പറയാൻ എന്ത് ധൈര്യമാണിവർക്കുള്ളത്?

കൂടാതെ നബിദിനം ആഘോഷിക്കാത്തവരെക്കുറിച്ച് ഇവർ വിലയിരുത്തുന്നത് വളരെ മോശമായിട്ടുമാണ്. പ്രവാചകനെ സ്നേഹിക്കാത്തവരാണെന്നും നബി(ﷺ) സാധാരണ മനുഷ്യരാക്കുന്നവരാണെന്നും ഇസ്‌ലാമിക നിയമങ്ങൽ അംഗീകരിക്കാത്തവരാണെന്നും അവരെ ആക്ഷേപിക്കുന്നു! അവരുടെ വരികൾ കാണുക:

**(ലോകാനുഗ്രഹി (സ). പേജ്: 29, സി.സി.എസ്. മൂന്നിയൂർ)**



റസൂൽ(സ) യുടെ മൗലീദ് ഓതുന്നതിനെ എതിർന്നവന് റസൂൽ (സ)യോട് സ്നേഹമില്ലാ എന്ന് നമുക്ക് മനസ്സിലാക്കാം. നാം എല്ലവരും മൗലീദ് ഓതിക്കുകയും ഓതുകയും ചെയ്യണം. കാരണം അത് പ്രവാചകനെ സ്നേഹിക്കുന്നതിൻെറ ഒരു ഭാഗമാണ്. ഇന്ന് ഒരുകൂട്ടം ആളുകൾ മൗലീതിനെ തള്ളിപ്പറയുകയും ശിർക്കും കുഫ്റുമായി ചി

**(നബിദീനാഘോഷം തെളിവുകളിലൂടെ. പേജ്:10, എസ്.എസ്.എഫ്. പെരുമ്പിള്ളിച്ചിറ)**




ചുരുക്കത്തിൽ മുഹമ്മദ് നബി(സ) ആകുന്ന റഹ്മത്ത് കൊണ്ട് സന്തോഷം പ്രകടിപ്പിക്കാൻ അല്ലാഹു അരുൾചെയ്യുന്നു. അല്ലാഹുവിന്റെ റഹ്മത്താകുന്ന നബി(സ)ഭൂജാതരായ മാസമാണ് റബീഉൽ അവ്വൽ പന്ത്രണ്ട്. അന്ന് മുസ്‌ലീംകൾ സന്തോഷം പ്രകടിപ്പിക്കുകയും, മദ്ഹ് ഗാനങ്ങൾ പാടി നബിയെ പ്രകീർത്തിക്കുകയും ചെയ്യുന്നു. അവിടുത്തെ മദ്ഹ് പാടിയും പറഞ്ഞും സന്തോഷിക്കാൻ ഭാഗ്യമില്ലാത്തവരെപ്പറ്റി നമുക്ക് സഹതപിക്കാം.

നബിദിനം ആഘോഷിക്കൽ അനുവദനീയമല്ലെന്നും അത് ശിർക്കും, കുഫ്രിയത്തും നവീനവാദവുമാണെന്നും ലക്ഷ്യമില്ലാതെ തട്ടിവിട്ട് വിശുദ്ധ ഖുർആനേയും തിരുഹദീസുകളേയും പണ്ഡിതന്മാരുടെ ഇജ്മാഇനേയും പുച്ഛിച്ചു തള്ളിയ പുത്തൻ പ്രസ്ഥാനക്കാർ ഇവരെ നമ്മൾ സൂക്ഷിക്കണം. പിശാച് ആധിപത്യം സ്ഥാപിച്ചവരാണ് ഇവർ. പിഴച്ചവാദങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് യഥാർത്ഥ അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിന്റെ പാതയിലേയ്ക്ക് കടന്നുവരാത്ത കാലത്തോളം ഇവർക്ക് വിജയമില്ല. അതുകൊണ്ട് മാന്യവായനക്കാർ നബി(സ) യുടെ ജന്മദിനംകൊണ്ട് അനുഗ്രഹീതമായ ഈ മാസം മുഴുവനും അവിടുത്തെ മദ്ഹുകൾ പാടിപ്പുകഴ്ത്താൻ സമയം കണ്ടെത്തുന്നതോടുകൂടി അവിടുത്തെ ചര്യ ജീവിതത്തിൽ പകർത്തണമെന്നും ഓർമ്മപ്പെടുത്തി SSF ന് വേണ്ട എല്ലാ സഹകരണവും നിങ്ങളിൽ നിന്ന് പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു

SSF പെരുമ്പിള്ളിച്ചിറ യൂണിറ്റ്,

പെരുമ്പിള്ളിച്ചിറ

22.3.2006

**(തിരുനബി(സ) ദർശനങ്ങളിലൂടെ. പേജ്:1 3, നൂറുൽ ഹുദാ പ്രസിദ്ധീകരണം)**




എപ്പോഴും നാശമാണുണ്ടാവുക. പ്രവാചകന്മാരുടെ ജന്മവും ജീവിതവുമെല്ലാം ഒരുതരം അലർജിയോടെ കാണുന്നവരാണവർ. മക്കയിലെ അബൂജഹൽ ഈ കൂട്ടത്തിലായിരുന്നു. ഈ അബൂജഹലിനെയാണ് കേരളത്തിലെ ചില വിവരദോഷികൾ വെള്ളപൂശാൻ ശ്രമിക്കുന്നത്.

നബിദിനാഘോഷത്തിന് ലോകമുസ്‌ലിംകളുടെ അംഗീകാരമുണ്ട്. മുസ്‌ലിം ലോകത്തിന്റെ ഇജ്മാഅ് തള്ളിപ്പറയുന്നവർ മാപ്പർഹിക്കുന്നില്ല. തീക്കണൽ കൊണ്ട് തലചൊറിയുകയാണവർ ചെയ്യുന്നത്. മൗലൂദിൽ നടത്തുന്നത് മദ്ഹ് കീർത്തനവും അന്നദാനവും മറ്റു സൽക്കർമങ്ങളുമാണ്. ഇതെല്ലാം ശിർക്കാരോപിച്ച് തള്ളിപ്പറയാൻ പ്രയാസമില്ല. പക്ഷെ, പരലോകത്തിൽ വിശ്വാസമില്ലാത്തവർക്കേ അതിന് കഴിയൂ. നബി(സ) യുടെ ജന്മദിനത്തിൽ സന്തോഷം പ്രകടിപ്പിക്കാമോ? സ്വഹാബത്ത് സന്തോഷം പ്രകടിപ്പിക്കുകയോ പ്രത്യേക കർമങ്ങൾ വല്ലതും ചെയ്തിരുന്നോ? നബിദിന വിരോധികൾ സാധാരണ ഉന്നയിക്കാറുള്ള ഇത്തരം ചോദ്യങ്ങൾക്ക് പ്രമാണങ്ങൾ പരിശോധിക്കാം.

നബിദിനാഘോഷം പാടില്ലെന്ന് പറയുന്നവരെക്കുറിച്ച് അതിനെ ന്യായീകരിക്കുന്നവരുടെ വീക്ഷണമാണ് ഇത്രയും നാം കണ്ടത്. എന്നാൽ, നബി(ﷺ)യോടുള്ള സ്നേഹത്തിന്റെ പേരിൽ ഇന്ന് നടമാടുന്ന ജന്മദിനാഘോഷത്തിന് ഇസ്‌ലാമിക പ്രമാണങ്ങളിൽ വല്ല തെളിവുമുണ്ടോ? അടിസ്ഥാനപരമായി നാം പരിശോധിക്കേണ്ട കാര്യമാണത്. അത്തരമൊരു പരിശോധനയിലേക്കാണ് ഇനി നാം പ്രവേശിക്കുന്നത്. അതിനുമുമ്പായി ഇത്തരമൊരാഘോഷം ഇസ്‌ലാമിൽ കടന്നുകൂടാൻ വല്ല പഴുതുമുണ്ടോ എന്ന് നോക്കാം.

▲